# താനൂർ ബോട്ടപകട ജുഡീഷ്യൽ കമ്മീഷൻ

( 1. 2023 മെയ് 12-ാം തീയതിയിലെ എസ്.ആർ.ഒ 578/2023 പ്രകാരം
2. 2023 മെയ് 19-ാം തീയതിയിലെ എസ്.ആർ.ഒ 594/2023 പ്രകാരം)
ഓഫീസ് : OS - 27, 3-ാം നില,
ജി.സി.ഡി.എ. ഷോപ്പിങ് കോംപ്ലക്സ്, മറൈൻഡ്രൈവ് ,ഷൺമുഖം റോഡ് പി.ഒ,
കൊച്ചി 682 031)

## വിജ്ഞാപനം

TBTJC No. 5/2023 തീയതി 13-11-2023

കേരള സർക്കാർ 1952-ലെ അന്വേഷണ കമ്മീഷൻ നിയമം (1952-ലെ കേന്ദ്ര നിയമം 60/1952) 3-ാം വകുപ്പ് പ്രകാരം, നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പുറപ്പെടുവിച്ച സർക്കാർ വിജ്ഞാപനങ്ങൾ എസ്. ആർ. ഒ. നമ്പർ. 578/2023/SSA2/58/2023-ആഭ്യന്തരം തീയതി 12-05-2023, എസ്. ആർ. ഒ. നമ്പർ. 594/2023/SSA2/58/2023 -ആഭ്യന്തരം, തീയതി 19-05-2023, , എസ്. ആർ. ഒ. നമ്പർ. 1141/2023/SSA2/58/2023 -ആഭ്യന്തരം, തീയതി 31-10-2023 പ്രകാരവും റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. വി.കെ.മോഹനനെ (വലിയപറമ്പിൽ ഹൗസ്, ഹൗസ് നമ്പർ XXVII/155, തിരുവാതിര, അമ്പാടിമൂല, കാക്കനാട്, കൊച്ചി-20) ചെയർമാനായും, ശ്രീ. സുരേഷ് കുമാർ (ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേസ് ആൻറ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്), , ഡോ. കെ.പി. നാരായണൻ (റിട്ട. പ്രൊഫസർ, ഡിപ്പാർട്ട്മെൻറ് ഓഫ് ഷിപ്പ് ടെക്നോളജി, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി) കാഞ്ഞിരംപാറയിൽ, ശ്രീമൂലനഗരം പി.ഒ. 683580, എന്നിവരെ അംഗങ്ങളായും പൊതുപ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം; അതായത്, മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ തൂവൽതീരം ബീച്ചിൽ 2023 മെയ് 7-ാം തീയതി ഉണ്ടായ ബോട്ടപകടത്തിന് ഇടയാക്കിയ കാരണങ്ങളെക്കുറിച്ചും ഭാവിയിൽ ഇത്തരത്തിൽ ദുരന്തങ്ങൾ ഒഴിവാക്കുവാൻ സ്വീകരിക്കേണ്ട എല്ലാ നടപടികളെക്കുറിച്ചും അന്വേഷിക്കുന്നതിനായി ഒരു മൂന്നംഗ അന്വേഷണ കമ്മീഷനെ നിയമിച്ചിരിക്കുന്നു. കമ്മീഷൻറെ അന്വേഷണ വിഷയങ്ങൾ താഴെ പറയും പ്രകാരമാണ്.

i) മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ തൂവൽതീരം ബീച്ചിൽ 2023 മെയ് 7-ാം തീയതി ഉണ്ടായ ബോട്ടപകടത്തിന് ഇടയാക്കിയ സാഹചര്യത്തെപ്പറ്റി അന്വേഷിക്കുക.

ii) ബോട്ടപകടമുണ്ടായതിന് വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് ഉള്ള ഉത്തരവാദിത്വം എന്തെന്ന് നിശ്ചയിക്കുക.

iii) നിലവിലുള്ള ലൈസൻസിങ്, എൻഫോഴ്സ്മെൻറ് സംവിധാനങ്ങൾ പര്യാപ്തമാണോ, അല്ലെങ്കിൽ ആവശ്യമായ ശിപാർശകൾ സമർപ്പിക്കുക.

iv) ജലഗതാഗത മേഖലയിൽ ഭാവിയിൽ ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിക്കേണ്ട പരിഹാരമാർഗങ്ങൾ ശിപാർശ ചെയ്യുക

v) ഇതുപോലെ മുൻകാലങ്ങളിൽ സംഭവിച്ച ബോട്ടപകടങ്ങളെത്തുടർന്ന് നിയോഗിച്ച അന്വേഷണ കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളുടെ പര്യാപ്തത അവലോകനം ചെയ്യുക.

vi) ഇതിനനുബന്ധമായ ഇതിൽ നിന്നോ ഉണ്ടാകുന്ന ബന്ധപ്പെട്ട മറ്റു കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുക.

അന്വേഷണ വിധേയമായ കാര്യങ്ങളിൽ അറിവും താൽപര്യവും ഉള്ളവരും ഔദ്യോഗികമോ അനൗദ്യോഗികമോ ആയ വ്യക്തികളോ അവ സംബന്ധിച്ച് ഫലപ്രദമായ തെളിവ് നൽകാൻ കഴിവുള്ളവരുമായ വ്യക്തികളോ സംഘങ്ങളോ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരോ സ്ഥാപനങ്ങളോ സംഘടനകളോ അതുമായി ബന്ധപ്പെട്ടിട്ടുള്ള സത്യവാങ്മൂലമോ, പത്രികയോ നിർദ്ദേശങ്ങളോ വിശദാംശങ്ങൾ

സഹിതം 00-00-2023 ;ാം തീയതി 5 മണിക്കകം അന്വേഷണ കമ്മീഷൻ മെമ്പർ സെക്രട്ടറി (ജുഡീഷ്യൽ)ക്ക് കിട്ടത്തക്കവിധം ഫോൺ നമ്പർ സഹിതം വിജ്ഞാപനത്തിൽ കാണിച്ചിട്ടുള്ള ഓഫീസ് വിലാസത്തിൽ തപാലിലോ ഇമെയിലിലോ അയക്കുകയോ കമ്മീഷൻ സെക്രട്ടറി (ജുഡീഷ്യൽ) മുമ്പാകെ നേരിട്ടു നൽകുകയോ, തിരൂർ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് പഴയ ബ്ലോക്കിൽ പ്രവർത്തിക്കുന്ന ക്യാമ്പ് ഓഫീസിലോ നൽകുകയും ചെയ്യാവുന്നതാണ്.

കമ്മീഷൻറെ അന്വേഷണ നടപടികളിൽ കക്ഷിചേരാൻ ആഗ്രഹിക്കുന്ന വ്യക്തികളും സംഘടനകളും സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരും സ്ഥാപനങ്ങളും സംഘടനകളും അതിനായി 16-12-2023-ാം തീയതി 5 മണിക്കകം നേരിട്ടോ അഭിഭാഷകർ/അധികാരപ്പെടുത്തിയ ഏജൻറ് മുഖേനയോ കമ്മീഷൻ മുമ്പാകെ അപേക്ഷിക്കേണ്ടതാണ്.

സത്യവാങ്മൂലം പത്രിക നിർദേശങ്ങൾ എന്നിവ നൽകുന്ന വ്യക്തികൾ അതോടൊപ്പം അവർ ആശ്രയിക്കുന്ന രേഖകളും അവർ വിസ്തരിക്കാൻ ഉദ്ദേശിക്കുന്ന സാക്ഷികളുടെയും വിശദാംശങ്ങൾ കാണിക്കുന്ന പട്ടികയും നൽകേണ്ടതാണ്. അവർ ആശ്രയിക്കാൻ ഉദ്ദേശിക്കുന്ന രേഖയുടെ കഴിയുന്നതും അസ്സലോ ശരിപകർപ്പോ ഹാജരാക്കേണ്ടതാണ്. ആശ്രയിക്കാൻ ഉദ്ദേശിക്കുന്ന രേഖ ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിൻറേയോ കൈവശമാണെങ്കിൽ അത്തരത്തിലുള്ള കൈവശക്കാരൻറെ പേരും വിലാസവും കാണിച്ചിരിക്കണം.

1952ലെ അന്വേഷണ കമ്മീഷൻ നിയമം വകുപ്പ് 5 പ്രകാരം കമ്മീഷൻ മുമ്പാകെ തെളിവ് നൽകുന്നതിനിടയിൽ ഒരു വ്യക്തി നടത്തുന്ന പ്രസ്താവന ആ പ്രസ്താവന അസത്യമാണെങ്കിൽ അതിനെതിരെ ഉണ്ടാകാവുന്ന പ്രോസിക്യൂഷൻ ഒഴികെ അയാളെ മറ്റേതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടികൾക്ക് വിധേയമാക്കുകയോ അയാൾക്കെതിരെ ഉപയോഗിക്കുകയോ ചെയ്യുന്നതല്ല. എന്നാൽ ആ പ്രസ്താവന (എ) കമ്മീഷന് ഉത്തരം നൽകാൻ ബാധ്യസ്ഥമായ ഒരു ചോദ്യത്തിന് മറുപടിയായി നൽകിയതായിരിക്കണം. (ബി) ആയത് അന്വേഷണ വിഷയവുമായി ബന്ധപ്പെട്ടതായിരിക്കണം.

കമ്മീഷൻ മുമ്പാകെ സത്യവാങ്മൂലവും പത്രികയും നിർദേശങ്ങളും നൽകിയിട്ടുള്ള വ്യക്തികളെ കമ്മീഷൻ മുമ്പാകെ വിസ്തരിക്കപ്പെടാവുന്നതാണ്.

കമ്മീഷൻറെ സിറ്റിംഗ് എറണാകുളത്തും മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകളിലും, കമ്മീഷന് യുക്തമെന്നും ആവശ്യമെന്നും തോന്നുന്ന സ്ഥലങ്ങളിലും തീയതികളിലും നടത്തുന്നതാണ്. കമ്മീഷൻറെ സിറ്റിംഗ് സ്ഥലം, തീയതി, സമയം മുതലായവ പിന്നീട് അറിയിക്കുന്നതാണ്.

അന്വേഷണം എത്രയും വേഗം പൂർത്തിയാക്കേണ്ടതുകൊണ്ട് സംഭവത്തെപ്പറ്റി നേരിട്ടറിയുന്നവർ കൃത്യമായും വീഴ്ച കൂടാതെയും തെളിവ് നൽകി കമ്മീഷനെ സഹായിക്കുവാൻ താൽപര്യപ്പെടുന്നു.

ഉത്തരവിൻ പ്രകാരം

കെ.കെ.ഉത്തരൻ
മെമ്പർ സെക്രട്ടറി (ജുഡീഷ്യൽ)
താനൂർ ബോട്ടപകട അന്വേഷണ കമ്മീഷൻ
ഫോൺ: 0484 2999713
ഇമെയിൽ: vkmjctanur@gmail.com

# താനൂർ ബോട്ടപകടം - ജുഡീഷ്യൽ കമ്മീഷൻ വിജ്ഞാപനം

മലപ്പുറം ജില്ലയിലെ താനൂർ തൂവൽ തീരം ബീച്ചിൽ 2023 മെയ് ഏഴാം തീയതി ഉണ്ടായ ബോട്ടപകടത്തിന് ഇടയാക്കിയ കാരണങ്ങൾ, ഇത്തരം ദുരന്തങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്നിവ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച അന്വേഷണ കമ്മീഷൻ വിശദാംശങ്ങൾ ശേഖരിക്കുന്നു. അന്വേഷണ വിധേയമായ കാര്യങ്ങളിൽ അറിവും താല്പര്യവും ഉള്ളതും ഫലപ്രദമായ തെളിവ് നൽകാൻ കഴിയുന്നതുമായ ഔദ്യോഗിക/ അനൗദ്യോഗിക വ്യക്തികൾ, സംഘങ്ങൾ, സംഘടനകൾ അതുമായി ബന്ധപ്പെട്ട സത്യവാങ്മൂലം/ പത്രിക/ നിർദേശങ്ങൾ വിശദാംശങ്ങൾ സഹിതം താനൂർ ബോട്ടപകട ജുഡീഷ്യൽ കമ്മീഷൻ, ഓഫീസ് OS-27, മൂന്നാം നില, ജി.സി.ഡി.എ ഷോപ്പിംഗ് കോംപ്ലക്സ്, മറൈൻ ഡ്രൈവ്, ഷൺമുഖം റോഡ് പി.ഒ, കൊച്ചി-682031 എന്ന വിലാസത്തിൽ 2024 ജനുവരി 1 വൈകിട്ട് 5 നകം തപാലിലോ vkmjctanur@gmail.com എന്ന ഇ-മെയിൽ മുഖേനയോ അയയ്ക്കണം. തിരൂർ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് പഴയ ബ്ലോക്കിലുള്ള ക്യാമ്പ് ഓഫീസിൽ നേരിട്ടും നൽകാവുന്നതാണ്.

കമ്മീഷന്റെ അന്വേഷണ നടപടികളിൽ കക്ഷി ചേരാൻ ആഗ്രഹിക്കുന്ന വ്യക്തികൾ/സംഘടനകൾ/സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ/സ്ഥാപനങ്ങൾ 2024 ജനുവരി 1 വൈകിട്ട് 5 നകം നേരിട്ടോ അഭിഭാഷകർ അധികാരപ്പെടുത്തിയ ഏജന്റ് മുഖേനയോ കമ്മീഷന് അപേക്ഷ നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 04842999713.